DESPATCHED
On.20.2.2020
31/01/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP No. 3128(4)/2014/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.19572/എസ്.ഐ.സി-ജി 2/2014)**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, ബഹു. വിവരാവകാശ കമ്മീഷണർ**

ശ്രീ. എ.എം.ഇരുദയരാജ്,
ജീസസ് വില്ല, എഴുത്തൻപതി,
പാലക്കാട് – 678 555.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി,
   വിദ്യാഭവൻ, പൂജപ്പുര,
   തിരുവനന്തപുരം – 695 012.
2. അപ്പീൽ അധികാരി,
   സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി,
   വിദ്യാഭവൻ, പൂജപ്പുര,
   തിരുവനന്തപുരം – 695 012.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 30.08.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 14.11.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 03.12.2014 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12.12.2014 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16.12.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31.01.2020, സംസ്ഥാന വിവരാവകാശ കമ്മീഷൻ |
| ഹിയറിംഗ് സാന്നിദ്ധ്യം:<br>അപ്പീൽ ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 30.08.2014 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ 3–ാം മത്തെ ചോദ്യത്തിന് കൃത്യമായ ഉത്തരം ലഭിച്ചില്ലായെന്ന് ആരോപിച്ചാണ് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് 07.01.2015 ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടതനുസരിച്ച് 22.01.2015 ൽ ഒന്നാം എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചു. അപേക്ഷകന്റെ മൂന്നാമത്തെ ചോദ്യം വളരെ സങ്കീർണ്ണവും അതിന്റെ വിവരങ്ങൾ എടുക്കാൻ ഏറെ ബുദ്ധിമുട്ടുള്ളതും ആയതുകൊണ്ട് ടിയാന് ഓഫീസിൽ ഹാജരായി ഇവ പരിശോധിക്കാവുന്നതാണെന്ന് കാണിച്ച് മറുപടി അയച്ചുവെങ്കിലും ടിയാൻ ഇതനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറായില്ലായെന്ന് റിപ്പോർട്ട് ചൂണ്ടികാണിക്കുന്നു.

3. ഇതിനുശേഷം കമ്മീഷൻ 31.01.2020 ൽ തിരുവനന്തപുരം ആസ്ഥാനത്ത് ഹിയറിംഗ് നടത്തിയെങ്കിലും അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹിയറിംഗിൽ ഹാജരായിരുന്നു. നേരത്തെ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ ഒന്നാം എതിർകക്ഷി ഹിയറിംഗിൽ മൊഴിയായി നൽകി.

4. അപ്പീൽ ഹർജിക്കാരൻ 1 മുതൽ 10 വരെയുള്ള ക്ലാസ്സിലെ പുതിയ പുസ്തകങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി നടത്തിയ Book workshop കളിൽ പങ്കെടുത്ത അധ്യാപകരുടെ പേരു വിവരങ്ങൾ, വിഷയങ്ങൾ, ഹാജർ തുടങ്ങി നിരവധി ചോദ്യങ്ങളാണ് ഉന്നയിച്ചിരുന്നത്. ഇത് വിവിധ ഫയലുകളിൽ നിന്നും കണ്ടെത്തി ക്രോഡീകരിച്ചു നൽകുന്നത് ഒന്നാം എതിർകക്ഷിയുടെ ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങളെ വല്ലാതെ ബാധിക്കുന്നതാണെന്ന് മനസ്സിലാക്കാവുന്നതേയുള്ളു. ആയതുകൊണ്ട് ഇക്കാര്യത്തിൽ ഓഫീസിലെത്തി ഫയലുകൾ പരിശോധിക്കാവുന്നതാണെന്ന് ഒന്നാം എതിർകക്ഷിയുടെ മറുപടി നിയമപരം തന്നെയാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഇങ്ങനെ ഒരു പൊതു അധികാര സ്ഥാപനത്തിലെ 75% ജീവനക്കാരുടെയും 75% സമയവും വളരെയേറെ വിവരങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ചിലവഴിക്കപ്പെടുമെന്നുണ്ടെങ്കിൽ, അത്തരത്തിൽ ഓഫീസിന്റെ പ്രവർത്തനങ്ങളെ മാറ്റി വയ്ക്കേണ്ടതില്ലായെന്ന് ബഹു.സുപ്രീം കോടതി

RIGHT TO INFORMATION

CBSC vs Adithya Bantopathyaya and others dated 09.08.2011 എന്ന കേസിന്റെ വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

5. ആയതുകൊണ്ട് അപ്പീൽ ഹർജിക്കാരന് ഇനിയും ഈ വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ ആയതിന് ഒന്നാം എതിർകക്ഷിയെ മുൻകൂട്ടി അറിയിച്ച് ടിയാന്റെ ഓഫീസിൽ എത്തി പരിശോധിക്കാവുന്നതും ആവശ്യമായ രേഖകൾ സൗജന്യമായി കൈപ്പറ്റാവുന്നതുമാണ്. ഇതിനുവേണ്ട സൗകര്യം ഒന്നാം എതിർകക്ഷി ചെയ്തുകൊടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 31 – ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**ഒപ്പ്**
**ശ്രീ.കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

*Jn*